# കടൽത്തീരത്ത്

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ട നിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പോവുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയുംതന്നെ കണ്ണൂരിലേക്കു പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടം മുറിച്ചു നടന്നു. പിന്നിൽ നിലവിളി അകന്നു ശമിച്ചു. ഇപ്പോൾ നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

"ദെയിവങ്ങളേ, തമ്പിരാക്കന്മാരേ" - വെള്ളായിയപ്പൻ വിളിച്ചു.

ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലുകല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻമാപ്പിള എതിരേ വരുന്നു. കുട്ട്യസ്സൻമാപ്പിള ആദരവോടെ വഴി മാറിനിന്നു.

"വെള്ളായിയേ" - മാപ്പിള പറഞ്ഞു.



"മരയ്ക്കാരേ" - വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും അറിഞ്ഞു.

"മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല, പതിനഞ്ചു റുപ്പികയും നാലണയും."

"വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്."

"മരയ്ക്കാരേ, ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല."

"വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ."

"എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു."

"പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻമാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലുകല്ലു നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം, നീലിമണ്ണാത്തി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴിമാറി നിന്നു.

"വെള്ളായിച്ചോ" - അവൾ പറഞ്ഞു. അത്ര മാത്രം.

"നീലിയേ" - വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി. പുഴ കടന്നു മേടു കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി. കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളംചൂടുള്ള വെള്ളം, അതൊക്കെയും ഓർമ്മിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ചു പണം പുറത്തെടുത്തു.

"കണ്ണൂര്," വെള്ളായിയപ്പൻ പറഞ്ഞു. ഗുമസ്തൻ ചീട്ടെടുത്ത് അച്ചു കുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽ കെട്ടി വെള്ളായിയപ്പൻ പടവു കയറി പ്ലാറ്റ്ഫോറത്തിലെത്തി ബെഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു. അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അദ്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി

നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടു ചിത്രങ്ങൾ; അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്. ബെഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തു വന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു: "കോയമ്പത്തൂർക്കോ?"

"കണ്ണൂര്ക്ക്" -വെള്ളായിയപ്പൻ പറഞ്ഞു.

"നാന് കോയമ്പത്തൂര്ക്കാണ്."

"ഓ."

"കണ്ണൂര് വണ്ടി പത്തുമണിയാകും."

"ഓ."

"കണ്ണൂര് എന്താ പണി?"

"വിചേഴിച്ച് ഒന്നുവില്ല."

"വെറ്തെ പുഗ്ഗാണ്?"

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താൽപ്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരുകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു: "കണ്ടുണ്ണിയേ, മകനേ."

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി നിജം വരുത്തി. പതുക്കെ വണ്ടിയിലേക്കു നടന്നു. ഒഴിവ് കണ്ടിടത്തു കേറാൻ തുടങ്ങി.

"ഇത് ഒന്നാംക്ലാസ്സാണ്, കാർന്നോരേ."

"തന്നെ?"

"അപ്പുറത്തെ പെട്ടിയിൽ."

"റിസർവ്ഡ് ആണ്."

"തന്നെ?"

"അപ്പുറത്തു നോക്കിക്കോളൂ, കാർന്നോരേ."

അപരിചിതരുടെ സ്വരങ്ങൾ.

ഒടുവിൽ ഒരു പെട്ടിയിൽ കയറിക്കൂടി. ഇരിക്കാനിടമില്ല. പിടിച്ചു നിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം, നിലം മാറുന്നതിനനുസരിച്ച് അതിന്റെ താളഭേദം, വഴിവിളക്കുകൾ, പുഴമണൽത്തിട്ടുകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്; പകലിന്റെ വെളിച്ചത്തിൽ. ഇതു രാത്രിവണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടു തിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തുകടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോടു ചോദിച്ചില്ല. വെള്ളായിയപ്പൻ ചോദിച്ചു: "ജയിലിലിലിക്ക് ഏതിയാണ് വഷി?"

ആരോ ചിരിച്ചു. ഇതാ, ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം." അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

അവസാനം ആരോ വഴി പറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു.

ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

"എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

"എന്താത്?" പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസിലേക്കു നോക്കിയില്ല. വെള്ളായിയപ്പൻ പറഞ്ഞു: "എന്റെ കുട്ടി ഇബ്ടെ ഇണ്ടു."

"ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: "ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തിനോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

"നാളെയാണ്, അല്ലേ?" പാറാവുകാരൻ പറഞ്ഞു.

"എയ്ക്കി പിടിയില്ല" – വെള്ളായിയപ്പൻ പറഞ്ഞു: "കടലാശില് എന്ത്ാണ് എഷ്തിക്കെടക്ക്ണത്, ആവോ?"

പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

"അതെ, നാളെ രാവിലെ അഞ്ചുമണിക്ക്" – അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു. അവയിൽ അന്ധാളിപ്പു നിറഞ്ഞു.

"തന്നേ?" വെള്ളായിയപ്പൻ പറഞ്ഞു.

"കാർന്നോര് ഇവിടെ ഇരിക്കൂ."

"ഓ."

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.

"കാർന്നോർക്ക് ചായേോ മറ്റോ വേണോ?"

"വേണ്ട."

എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ? വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കു വേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു.

ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പിറകിൽ സ്ഥലം പിടിച്ചു. പാറാവുകാർ കവാത്തു നടത്തി. തടവറ സജീവമായി.

മേധാവികൾ കടലാസ് പരിശോധിക്കുന്നു. മേധാവികൾ ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസംമുട്ടിക്കുന്നു. വെയിലിനു ചൂടു കൂടുന്നു.

"ഇവിടെ കാത്തിരിക്കൂ." വെള്ളായിയപ്പൻ കാത്തിരിക്കുന്നു.

നീണ്ടുനീണ്ട കാത്തിരിപ്പിനു ശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.

ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു.

അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടുനേരായി തെല്ലിടനേരം നിന്നു. പിന്നെ



വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു: “മകനേ!”

കണ്ടുണ്ണി മറുവിളി വിളിച്ചു: “അപ്പാ!”

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

“മകനേ, നീ എന്തു ചെയ്തു?”

“എനിക്കോർമ്മയില്ല, അപ്പാ.”

“മകനേ, നീ കൊലപാതകം നടത്തിയോ?”

“എനിക്കോർമ്മയില്ല.”

“സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.”

“പാറാവുകാർ ഓർമ്മിക്കുമോ?”

“ഇല്ല മകനേ.”

“അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?”

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: “അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ.”

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

“കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു.”

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കും പോലെ, ഇരുമ്പഴിയി



ലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് അപരിചിതനായി കണ്ടുണ്ണി നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തുകിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരം താണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി.

"കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം."

"വേണ്ട. എനിക്കു താൽപ്പര്യമില്ല."


"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

"യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല."

ഉന്തുവണ്ടിയുടെ പിറകെ തോട്ടികളുടെകൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാർ ചുറ്റിപ്പറന്നു. മണ്ണുമൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കടൽത്തീരത്ത് (ഒ.വി. വിജയൻ)



- വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

- "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു."
കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും? ചർച്ചചെയ്യുക.

- "ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന."
"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു."
ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

- "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്."
ഇത്തരത്തിൽ അർഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

- പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

- "മലയിൽ ആറ്റിത്തണുപ്പിച്ച വെയില്, ചുരത്തിലൂടെ മലവെള്ളംപോലെ ആർത്തിരമ്പി പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്."
"ഊണുകഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കുശേഷം ആദ്യമായി എയർക്കണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം.
ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻകാറ്റ് തിരതല്ലി."
"തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു."
*– കാറ്റ് പറഞ്ഞ കഥ (ഒ.വി. വിജയൻ)*
ഒ.വി. വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റ് പറഞ്ഞ കഥ, കടൽത്തീരത്ത് എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- 'കടൽത്തീരത്ത്' എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക.
  - കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ
  - രചനാതന്ത്രം
  - ആഖ്യാനശൈലി
  - പാരിസ്ഥിതികപശ്ചാത്തലം
  - സാമൂഹികപശ്ചാത്തലം

സ്നേഹബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ വിശ്വരൂപം, പ്രിയദർശനം, കടൽത്തീരത്ത് എന്നീ പാഠഭാഗങ്ങളിൽ വായിക്കാം.

ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| • പാഠഭാഗങ്ങളിലെ പ്രധാനാശയങ്ങൾ കണ്ടെത്തി സന്ദർഭോചിതം അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • ആഖ്യാനരീതികളിലെ വ്യത്യാസം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. | | | |
| • ചർച്ചയിൽ പങ്കെടുത്ത് കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ ഔചിത്യവും ഭംഗിയും വിശകലനം ചെയ്യാൻ കഴിഞ്ഞു. | | | |
| • കവിത താളത്തിലും ഈണത്തിലും ആലപിക്കാൻ സാധിച്ചു. | | | |
| • വരികൾ വ്യാഖ്യാനിച്ച് ആശയങ്ങൾ കണ്ടെത്താൻ സാധിച്ചു. | | | |
| • ചമൽക്കാരങ്ങൾ, ബിംബങ്ങൾ എന്നിവ കണ്ടെത്തി വ്യാഖ്യാനിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക



## ലളിതാംബിക അന്തർജനം

**(1909 – 1987)**

മലയാളത്തിലെ പ്രമുഖ കഥാകാരി. കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വൈസ്പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

അഗ്നിസാക്ഷി (നോവൽ) മൂടുപടത്തിൽ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം, വിശ്വരൂപം, ഇഷ്ടദേവത, പവിത്രമോതിരം, ധീരേന്ദു മജുംദാരുടെ അമ്മ (ചെറുകഥാസമാഹാരങ്ങൾ); ലളിതാഞ്ജലി, ഓണക്കാഴ്ച, ഭാവദീപ്തി, ആയിരത്തിരി (കവിതാസമാഹാരങ്ങൾ) സീത മുതൽ സത്യവതിവരെ (പഠനം)




## കുമാരനാശാൻ
**(1873 – 1924)**

ആധുനിക മഹാകവിത്രയത്തിൽ ഒരാൾ. തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽനിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ.

ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. 'വിവേകോദയം' മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമെ സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

*പ്രധാന കൃതികൾ*

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ); പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ (കവിതാസമാഹാരങ്ങൾ); ബാലരാമായണം, ശ്രീബുദ്ധചരിതം (കാവ്യങ്ങൾ); സൗന്ദര്യലഹരി (വിവർത്തനം); വിചിത്രവിജയം, പ്രബോധചന്ദ്രോദയം (നാടകങ്ങൾ)



## ഒ.വി. വിജയൻ
**(1931 – 2005)**

മലയാളകഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ); ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹാരങ്ങൾ); ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ)